പട്ടാമ്പി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

58 [1036] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയനുസരിച്ച് പട്ടാമ്പി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര വർക്കുകൾ ഏറ്റെടുത്തു;

(ബി) അനേക വർഷമായി അറ്റകുറ്റപ്പണികൾ നടത്താത്ത പദ്ധതികളുടെ വർക്കുകൾ ഉടൻ ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

(ബി) ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ കുറെ വർഷങ്ങളായി വേണ്ടത്ര ഫണ്ട് ലഭ്യമായിട്ടില്ല. ഇതിനു വേണ്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവ പൂർത്തീകരിക്കുന്നതാണ്.

കടൽഭിത്തി നിർമ്മിക്കാൻ നടപടി

59 [1037] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം തടയുന്നതിന് കല്ലിടുന്ന പദ്ധതിക്ക് ഈ വർഷം എത്ര തുക അനുവദിച്ചു;

(ബി) എത്ര രൂപ ഇതിനായി ചെലവഴിച്ചു;

(സി) എത്ര ദൂരം കടൽഭിത്തി കെട്ടിക്കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇനി എത്ര ദൂരം കടൽഭിത്തി കെട്ടി സംരക്ഷിക്കാനുണ്ടെന്ന് അറിയിക്കാമോ;

(ഇ) കടൽ ഭിത്തികളുടെ അറ്റകുറ്റപ്പണികൾക്കായി ഈ വർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ 483.80 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) ചെലവഴിച്ചിട്ടില്ല.

(സി) 386.00 കി. മീ.

(ഡി) 92 കി. മീ.

(ഇ) ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly